## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4982** **23.03.2018 ൽ മറുപടിയ്ക്ക്**

പൊന്തൻപുഴയിലെ വനഭൂമി

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) |
|---|---|
| (എ) ഈ സർക്കാരിന്റെ വീഴ്ച മൂലം കോടതി വിധി പ്രതികൂലമായത് കാരണം കോട്ടയം ജില്ലയിലെ ഏക വനഭൂമി മേഖലയായ പൊന്തൻ പുഴയിലെ 7000 ഏക്കർ വനം സർക്കാരിന് തിരിച്ച് കിട്ടാത്തവിധം നഷ്ടമായി എന്ന കാര്യം മനസ്സിലാക്കി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) കോട്ടയം ജില്ലയിലെ വനഭൂമി മേഖലയായ പൊന്തൻപുഴയിലെ 7000 ഏക്കർ വനം സർക്കാരിന് തിരിച്ച് കിട്ടാത്തവിധം നഷ്ടമായിട്ടില്ല. ഇക്കാര്യത്തിൽ സർക്കാരിന് വീഴ്ച ഉണ്ടായിട്ടില്ല. ഹൈക്കോടതിയുടെ 10.01.18 ലെ എം.എസ്.എ 1/81 നമ്പർ കേസിലെ വിധിയിൽ വലിയകാവ്, ആലപ്ര റിസർവ്വുകൾ വിജ്ഞാപനം ചെയ്ത സമയത്ത് സർക്കാർ അധീനതയിലുള്ള ഭൂമി ആയിരുന്നില്ലെന്ന് തീരുമാനിക്കുകയും ഭൂമികളിന്മേലുള്ള അവകാശ രേഖകളെ അംഗീകരിക്കുകയും ഭൂമി തിരിച്ചറിയുന്നത് സംബന്ധിച്ച ജില്ലാകോടതിയുടെ കണ്ടെത്തലുകൾ ശരി വയ്ക്കുകയും ചെയ്തിട്ടുണ്ട്. അതേ സമയം 2520 ഏക്കർ വിസ്തൃതി വരുന്ന കരിക്കാട്ടൂർ റിസർവ്വിന്റെ അന്തിമ വിജ്ഞാപനത്തിന്റെ നിയമസാധുത പൂർണ്ണമായും അംഗീകരിക്കുകയും 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട്, 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ട് എന്നിവയിൽ ടി വസ്തുവകകൾ സ്വാഭാവികമായിത്തന്നെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള വ്യവസ്ഥകളുള്ളതിനാൽ ടി സ്ഥലങ്ങൾ ക്ലെയിം ചെയ്തിട്ടുള്ളവർക്ക് തിരിച്ച് നല്കേണ്ടവയല്ല എന്നും ഹൈക്കോടതി വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>10.01.2018-ലെ എം.എസ്.എ 1/81 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ വിധിയിലെ സർക്കാർ താല്പര്യത്തിനു വിരുദ്ധമായ പരാമർശങ്ങൾ പുന: പരിശോധിക്കുന്നതിന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ കേസ്സിൽ അപ്പീൽ നൽകാൻ പദ്ധതിയുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) 10.01.2018-ലെ എം.എസ്.എ 1/81 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ വിധിയിൽ ഭൂമികളിന്മേലുള്ള മുൻകാല അവകാശ രേഖകളെ അംഗീകരിച്ചതിനെതിരെ 05.02.2018-ൽ ബഹു.ഹൈക്കോടതിയിൽ 182/2018 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. റിവ്യൂ പെറ്റീഷൻ വിധി അനുകൂലമല്ലെങ്കിൽ അപ്പീൽ ഫയൽ ചെയ്യുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ